(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സർക്കാരിന്റെ പൊതുക്കടം

1 [313] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ:
,, എൻ. രാജൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൊതുക്കടം എത്ര; ഇതിൽ 2001 മേയ് മുതൽ 2004 മാർച്ച് വരെയുള്ള കാലയളവിലെ കടം എത്ര;

(ബി) ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നാണ് സർക്കാർ വായ്പ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 2001 മേയ് മാസത്തിനു മുമ്പായിട്ടുള്ള കടം എത്ര; ഇതിൽ എത്ര സംഖ്യ തിരിച്ചടച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതുവരെയുള്ള വായ്പകൾക്ക് ഇപ്പോൾ നൽകി വരുന്ന പലിശ എത്ര; ഓരോ വർഷവും പലിശ ഇനത്തിൽ സംസ്ഥാന സർക്കാർ അടയ്ക്കുന്ന സംഖ്യ എത്ര വീതമെന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാനത്തുള്ള പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ, കെ.എസ്.എഫ്.ഇ. പോലുള്ള ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിലുള്ള നിക്ഷേപം എത്രയെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള വായ്പ എത്രയാണെന്ന് വ്യക്തമാക്കാമോ; 2001 മേയ് മുതൽ 2004 മേയ് വരെ എത്ര സംഖ്യ ഈ ഓരോ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 31-3-2004 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പൊതുക്കടം 36,234 കോടി രൂപ. 1-4-2001 മുതൽ 31-3-2004 വരെയുണ്ടായ വർദ്ധനവ് 12,315 കോടി രൂപ.

(ബി) എൽ.ഐ.സി, ജി.ഐ.സി., നബാർഡ്, എൻ.സി.ഡി.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും.

(സി) 1-4-2001-ലെ പൊതുക്കടം 23,919 കോടി രൂപ. 31-3-2004 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ 1-4-2001 മുതൽ 31-3-2004 വരെ മുൻപുള്ള പൊതുക്കടം ഉൾപ്പെടെ 47,686.52 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly